# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :09/02/ 2019

## കാണാതായ അമ്മയേയും കുഞ്ഞിനേയും കണ്ടെത്തി

കിളികൊല്ലൂർ സ്റ്റേഷൻ പരിധിയിൽ നിന്നും 2018 ഡിസംബർ 29-ാം തീയതി മുതൽ കാണാതായ അമ്മയേയും കുഞ്ഞിനേയും ഇന്നലെ 07.02.2019-ൽ കോവളത്ത് നിന്നും കണ്ടെത്തി. കിളികൊല്ലൂർ വില്ലേജിൽ കിളികൊല്ലൂർ ചേരിയിൽ പുത്തേത്ത് വയലിൽ, മേലൂട്ട് കിഴക്കതിൽ വീട്ടിൽ നിസാം മകൾ 29 വയസ്സുള്ള നിഷാഷയേയും രണ്ടര വയസ്സുള്ള മകളേയും ആണ് കാണാതായിരുന്നത് കിളികൊല്ലൂർ പോലീസ് കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരവേ ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം കൊല്ലം സിറ്റി ക്രൈം ബ്രാഞ്ച് അന്വേഷണം ഏറ്റെടുത്ത് പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ചിരുന്നു. നിരവധി ഫോൺ രേഖകൾ പരിശോധിച്ച് പിൻതുടർന്ന് നടത്തിയ അന്വേഷണത്തിൽ കോവളം ഭാഗത്ത് നിന്ന് അമ്മയും കുഞ്ഞിനേയും കണ്ടെത്തി ഇന്ന് (08.02.2019)-ൽ ഹൈക്കോടതിയിൽ ഹാജരാക്കിയിക്കുകയാണ്. കൊല്ലം സിറ്റി ജില്ലാ ക്രൈം ബ്രാഞ്ച് അസി. പോലീസ് കമമീഷണർ ശ്രി. ജി. സർജു പ്രസാദിന്റെ നേതൃത്വത്തിൽ കൊല്ലം സിറ്റി ജില്ലാ ക്രൈം ബ്രാഞ്ച് എസ്.ഐ ശ്രി. ഫയാസ്, കിളികൊല്ലൂർ എസ്.ഐ ശ്രി.വിനോദ് ചന്ദ്രൻ, സിവിൽ പോലീസ് ഓഫീസർ ശ്രീ.സാബു സുനിൽ, വനിത സിവിൽ പോലീസ് ഓഫീസർ ശ്രീമതി സിന്ധു എന്നിവരടങ്ങിയ സംഘമാണ് അന്വേഷണത്തിലുണ്ടായിരുന്നത്.

OFFICE OF THE ASST. COMMISSIONER OF POLICE
DISTRICT CRIME BRANCH
KOLLAM CITY